REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 07-08-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പതിനൊന്നാമത് ദേശീയ കൈത്തറി ദിനാഘോഷം രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.**
- **ഭക്ഷ്യ - സമാധാന മേഖലയിലെ ആദ്യ MS സ്വാമിനാഥൻ പുരസ്കാരം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.**
- **ഉത്തരാഖണ്ഡ് മേഘവിസ്ഫോടനത്തിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.**
- **സംസ്ഥാനത്ത് വ്യാപക മഴ. നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.**
- **കോഴിക്കോട്ട് ദേശീയ മാസ്റ്റേഴ്സ് പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് ഇന്ന് സമാപിക്കും.**

## വാർത്തകൾ വിശദമായി

പതിനൊന്നാമത് ദേശീയ കൈത്തറി ദിനാഘോഷം രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യും. രാജ്യത്തിന്റെ ഗ്രമീണ സമ്പദ് വ്യവസ്ഥക്കും സാംസ്കാരിക സ്വത്വത്തിനും കൈത്തറി മേഖല നൽകിയ സംഭാവനകളെ ആദരിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രാലയമാണ് ആഘോഷം സംഘടിപ്പിക്കുന്നത്.

രാജ്യത്തെ 650 ഓളം നെയ്ത്തുകാരും വിദേശ ഉപയോക്താക്കളും,പ്രമുഖ വ്യക്തികളും കയറ്റുമതിക്കാരും മുതിർന്ന ഉദ്യോഗസ്ഥരുമടക്കം ഒട്ടേറെപ്പേർ പരിപാടിയിൽ പങ്കെടുക്കും.കൂടാതെ കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രി ഗിരിരാജ്സിംഗ് ,സഹമന്ത്രി പബിത്ര മാർഗരീറ്റ എന്നിവരും ചടങ്ങിനെത്തും.

രാജ്യത്തെ കൈത്തറി മേഖലയ്ക്ക് നൽകിയ മികച്ച സംഭാവനകൾ പരിഗണിച്ച് നെയ്ത്തുകാർക്ക് സന്ത് കബീർ അവാർഡും ദേശീയ കൈത്തറി പുരസ്കാരങ്ങളും ചടങ്ങിൽ സമ്മാനിക്കും. മൂന്നര ലക്ഷം രൂപയാണ് സന്ത് കബീർ പുരസ്കാരത്തുക. ദേശീയ കൈത്തറി അവാർഡ് തുക രണ്ടുലക്ഷം രൂപയുമാണ്.

✪✪✪

MS സ്വാമിനാഥൻ ജന്മശതാബ്ദി രാജ്യാന്തര സമ്മേളനം ന്യൂഡൽഹിയിലെ പൂസ ICAR ൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ ഭക്ഷ്യ - സമാധാന മേഖലയിലെ ആദ്യ MS സ്വാമിനാഥൻ പുരസ്കാരം പ്രധാനമന്ത്രി സമ്മാനിക്കും. വികസ്വര രാജ്യങ്ങളിലെ ഭക്ഷ്യ സുരക്ഷക്കായി നൽകുന്ന സംഭാവനകൾ മുൻനിർത്തിയാണ് പുരസ്കാരം. നിത്യ ഹരിത വിപ്ലവം - ജൈവ സന്തോഷത്തിലേക്ക് വഴി എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം. എല്ലാവർക്കും ഭക്ഷണം ഉറപ്പാക്കുകയെന്ന ഡോ. MS സ്വാമിനാഥന്റെ ആജീവനാന്തശ്രമം പ്രതിഫലിക്കുന്ന ആശയമാണിത്.

✪✪✪

21-ാം നൂറ്റാണ്ടിലെ ആധുനിക ഇന്ത്യയുടെ വികസന കാഴ്ചപ്പാടാണ് കർത്തവ്യഭവനെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ന്യൂഡൽഹിയിലെ കർത്തവ്യപഥിലെ പൊതുപരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്.........

മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഒരു കുടക്കീഴിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് കർത്തവ്യ ഭവൻ നിർമിച്ചത്. ഇത് ഗവൺമെന്റ് സേവനങ്ങൾ സുഗമമായി ജനങ്ങളിൽ എത്തിക്കാനും ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും സഹായിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

വർഷങ്ങളോളം വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഗവൺമെന്റ് ഓഫീസുകൾ കർത്തവ്യ ഭവനിലേക്ക് മാറ്റിയതിലൂടെ കോടി കണക്കിന് രൂപ ലാഭിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇന്നലെ രാവിലെയാണ് ന്യൂഡൽഹിയിലെ കർത്തവ്യ ഭവൻ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തത്..

✪✪✪

മേഘവിസ്ഫോടനം ഉണ്ടായ ഉത്തരാഖണ്ഡിലെ ധരാലിയിൽ കേന്ദ്ര-സംസ്ഥാന ഏജൻസികളുടെ രക്ഷാ - ദുരിതാശ്വാസ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുന്നു. മുഖ്യമന്ത്രി പുഷ്കർസിംഗ് ധാമി മേഖല സന്ദർശിച്ച് ദുരിതബാധിതരെയും ഉദ്യോഗസ്ഥരെയും നേരിൽ കണ്ടു. സാധ്യമായ എല്ലാ സഹായവും അദ്ദേഹം വാഗ്ദാനം ചെയ്തു. സാധാരണ നില പുനഃസ്ഥാപിക്കുന്നതിനാണ് സംസ്ഥാന ഗവണ്മെന്റ് മുൻഗണന നൽകുന്നതെന്നും പുഷ്കർസിംഗ് ധാമി അറിയിച്ചു.

അതിനിടെ ദുരിത ബാധിതർക്ക് സൈന്യം ഹെലികോപ്റ്റർ വഴി ഭക്ഷ്യവസ്തുക്കളും അവശ്യ സാധനങ്ങളും വിതരണം ചെയ്തു. ദുരിതാശ്വാസ - രക്ഷാ ദൗത്യത്തിനായി അഞ്ചു വ്യോമസേനാ വിമാനങ്ങൾ സ്ഥലത്ത് 114 സൈനികരെ ആഗ്രയിൽ നിന്നും ഡെറാഡൂണിൽ എത്തിച്ചു.

✪✪✪

ഉത്തരാഖണ്ഡ് മേഘവിസ്ഫോടനത്തിൽ ദുരിതം അനുഭവിക്കുന്നവർക്കൊപ്പം നിൽക്കുമെന്ന് കാണിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിക്ക് കത്തയച്ചു. രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ നടപടികൾക്കും കേരളത്തിന്റെ ഐക്യദാർഢ്യവും പിന്തുണയും ഉണ്ടാകുമെന്നും മുഖ്യമന്ത്രി ഉറപ്പ് നൽകി.

✪✪✪

അടുത്ത വർഷം ദേശീയ തലത്തിൽ ഗാർഹിക വരുമാന സർവെ നടത്താൻ തീരുമാനിച്ചതായി കേന്ദ്രമന്ത്രി റാവു ഇന്ദ്രജിത് സിംഗ് അറിയിച്ചു. അന്താരാഷ്ട്ര നാണയനിധി മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. സുർജിത് S ഭല്ലയുടെ നേതൃത്വത്തിൽ വിദഗ്ധ സാങ്കേതിക സംഘത്തെ ഇതിനായി രൂപീകരിച്ചിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി ലോകസഭയെ അറിയിച്ചു.

✪✪✪

ദേശീയ മുലയൂട്ടൽ വാരാചരണം ഇന്ന് സമാപിക്കും. മുലയൂട്ടലിന്റെ പ്രാധാന്യത്തെക്കുറിച്ചും, മുലപ്പാലിന്റെ ഗുണങ്ങളെക്കുറിച്ചും ബോധവൽക്കരണം നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ആഗസ്റ്റ് ഒന്ന് മുതൽ ഏഴ് വരെ എല്ലാ വർഷവും മുലയൂട്ടൽ വാരാചരണം നടത്തുന്നത്. 'മുലയൂട്ടലിന് മുൻഗണന: സുസ്ഥിര പിന്തുണ സംവിധാനങ്ങൾ സൃഷ്ടിക്കുക' എന്നതായിരുന്നു ഈ വർഷത്തെ പ്രമേയം.

✪✪✪

സംസ്ഥാനത്ത് നാല് ജില്ലകളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കാസർഗോഡ്, കണ്ണൂർ, മലപ്പുറം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് വ്യാപകമായി മഴയ്ക്കോ ഇടിയോടുകൂടിയ മഴയ്ക്കോ സാധ്യതയുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ബെഞ്ച് തലശ്ശേരിയിൽ പ്രവർത്തനമാരംഭിക്കുന്നതിന് നടപടി ആരംഭിച്ചു. തസ്തിക സൃഷ്ടിക്കുന്നതിനും, ഓഫീസ് സംവിധാനം ഒരുക്കുന്നതിനും ധനവകുപ്പ് അംഗീകാരം നൽകി.

വിശദാംശങ്ങളുമായി ജില്ലാ പ്രതിനിധി KO.ശശിധരൻ...

.......വോയ്സ്......

അഡീഷണൽ ബെഞ്ചിന്റെ പ്രവർത്തനത്തിന് 22 റഗുലർ തസ്തികകളും 4 താല്ക്കാലിക തസ്തികകളുമുൾപ്പെടെയാണ് 26 തസ്തികകൾ അനുവദിച്ചിട്ടുള്ളത്.

റഗുലർ തസ്തികകളിൽ 14 തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനും 8 തസ്തികകൾ പുനർവിന്യാസം മുഖേന നികത്തുന്നതിനുമാണ് തീരുമാനമെടുത്തിട്ടുള്ളത്.

ഓഫീസ് സംവിധാനത്തിനും സിവിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുമായി 1.96 കോടി രൂപയുടെ അനുമതിയാണ് നൽകിയിട്ടുള്ളത്. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ അദ്ദേഹത്തിന്റെ ചേംബറിൽ വിളിച്ചുചേർത്ത ഉന്നത ഉദ്യോഗസ്ഥതല യോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനമായത്.നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സിവിൽ പ്രവൃത്തികൾ അടുത്ത ആഴ്ച ആരംഭിക്കണമെന്നും സെപ്തംബർ മാസത്തിൽ ബെഞ്ചിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയുന്ന നിലയിലും മുന്നോട്ടുപോകണമെന്നും സ്പീക്കർ നിർദ്ദേശിച്ചു.

✪✪✪

അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിന്ന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ 51 ഡോക്ടർമാരെ സർവീസിൽ നിന്ന് നീക്കം ചെയ്യാൻ ഉത്തരവ് നൽകിയതായി മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. പല തവണ അവസരം നൽകിയിട്ടും സർവീസിൽ തിരികെ പ്രവേശിക്കാൻ താൽപര്യം കാണിക്കാത്തവരെയാണ് നീക്കം ചെയ്യാൻ തീരുമാനിച്ചത്.

✪✪✪

സ്കൂളുകളിലെ പാചക തൊഴിലാളികൾക്ക് എല്ലാ മാസവും അഞ്ചാം തിയതിക്ക് മുമ്പ് ഓണറേറിയം നൽകുന്ന കാര്യം ധനകാര്യമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. തൊഴിലാളികളുടെ വിരമക്കിൽ പ്രായം 65 വയസ്സാക്കാനും തീരുമാനമായി. തിരുവനന്തപുരത്ത് ഇന്നലെ ചേർന്ന പാചക തൊഴിലാളി സംഘടനകളുടെ യോഗത്തിലാണ് മന്ത്രി ഇക്കാര്യങ്ങൾ അറിയിച്ചു.

✪✪✪

കേരളത്തിലെ തൊഴിലാളികൾക്ക് ഓണക്കാല ബോണസും മറ്റ് ആനുകൂല്യങ്ങളും ഓണത്തിന് മുമ്പ് വിതരണം ചെയ്യാൻ ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗത്തിൽ തീരുമാനമായി. ഈ വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ബോണസ് മാർഗ നിർദേശങ്ങൾ ഉടൻ പുറത്തിറക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. കശുവണ്ടി, കയർ, മേഖലകളിലെ തൊഴിലാളികളുടെ ബോണസ് നിശ്ചയിക്കാൻ അതാത് വ്യവസായ ബന്ധ സമിതികളുടെ യോഗം അടിയന്തരമായി വിളിച്ചുചേർക്കാൻ ലേബർ കമ്മീഷ്ണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

കോഴിക്കോട്ട് ദേശീയ മാസ്റ്റേഴ്സ് പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പ് ഇന്ന് സമാപിക്കും. മാസ്റ്റേഴ്സ് എക്യുപ്ഡ് പവർ ലിഫ്റ്റിംഗിൽ പുരുഷ-വനിതാ വിഭാഗങ്ങളിൽ കേരളമാണ് മുന്നിൽ. സമാപന ചടങ്ങിൽ കേരളാ സ്പോർട്സ് കൗൺസിൽ മുൻ പ്രസിഡണ്ട് TP ദാസൻ സമ്മാനങ്ങൾ വിതരണം ചെയ്യും.

✪✪✪

ചെന്നൈ ഗ്രാൻഡ് മാസ്റ്റേഴ്സ് ചെസ്സ് ടൂർണമെന്റിന്റെ മൂന്നാം പതിപ്പിന് ഇന്ന് ചെന്നൈയിൽ തുടക്കമാകും.ഇന്നലെ മോശം കാലാവസ്ഥയെ തുടർന്ന് ടൂർണ്ണമെന്റ് ഇന്നത്തേക്ക് മാറ്റിവെക്കുകയായിരുന്നു. ഇന്ന് മാസ്റ്റേഴ്സ് റൗണ്ട് പോരാട്ടങ്ങളിൽ, ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ അർജുൻ എറിഗൈസി, അമേരിക്കൻ താരം അവണ്ടർ ലിയാങ്ങിനെയും വിദിത് ഗുജറാത്തി, ഡച്ച് താരം ജോർദൻ വാൻ ഫോറീസ്റ്റിനെയും നേരിടും.

✪✪✪

69-ാമത് കണ്ണൂർ ജില്ലാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് തലശ്ശേരിയിൽ ഇന്ന് ആരംഭിക്കും. തലശ്ശേരി നഗരസഭാ സ്റ്റേഡിയത്തിലും ബ്രണ്ണൻ കോളേജ് സായ് സിന്തറ്റിക് സ്റ്റേഡിയത്തിലുമായാണ് മത്സരങ്ങൾ. ജില്ലയിലെ സ്കൂളുകളിൽനിന്നും ക്ലബുകളിൽനിന്നുമായി 700-ഓളം താരങ്ങൾ പങ്കെടുക്കും.

✪✪✪

വോട്ടർപട്ടികയിൽ പേര് ചേർക്കാൻ ഓഗസ്റ്റ് 31 വരെ സമയം നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് കത്തയച്ചു. വോട്ടർപട്ടികയിൽ വ്യാപകമായ പ്രശ്നങ്ങൾ ഉണ്ടെന്ന് അദ്ദേഹം കത്തിൽ അറിയിച്ചു. പട്ടികയിൽ പേര് ചേർക്കാനും ഭേദഗതിക്കും കുറഞ്ഞ സമയം മാത്രമാണ് ലഭിച്ചത്. തെരഞ്ഞെടുപ്പ് കമ്മീഷൻ വെബ്സൈറ്റ് ദിവസങ്ങളോളം പ്രവർത്തിക്കാതിരുന്നതും പേര് ചേർക്കൽ പ്രക്രിയയെ ബാധിച്ചതായി രാജീവ് ചന്ദ്രശേഖർ കത്തിൽ അറിയിച്ചു.

✪✪✪

മാധ്യമങ്ങൾ സ്വതന്ത്രവും ശക്തവുമായി നിലനിൽക്കാൻ ഗവൺമെന്റ് പരമാവധി പിന്തുണ നൽകുമെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു. കേരള മീഡിയ അക്കാദമി തിരുവനന്തപുരത്ത് സംഘടിപ്പിച്ച പ്രതിഭാ സംഗമവും ഫെലോഷിപ്പ് വിതരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. മാധ്യമങ്ങളെ സഹായിക്കുന്നതിന് ഗവൺമെന്റ് ഈ വർഷത്തെ ബജറ്റിൽ നീക്കി വെച്ച തുക ആദ്യ മാസങ്ങളിൽ തന്നെ മാധ്യമങ്ങൾക്ക് നൽകിയെന്ന് മന്ത്രി അറിയിച്ചു.

✪✪✪

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുനർഗേഹം പദ്ധതിയിൽ മലപ്പുറം ഉണ്ണ്യാലിൽ ഒരുക്കിയ ഫ്ലാറ്റ് സമുച്ചയം ഇന്ന് കൈമാറും. ഉച്ച കഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ചടങ്ങ് ഉദ്ഘാടനം ചെയ്യും. വീടുകളുടെ താക്കോൽ മന്ത്രി V അബ്ദുറഹ്മാൻ വിതരണം ചെയ്യും.

നിറമരുതൂർ ഉണ്ണ്യാലിൽ ഫിഷറീസ് വകുപ്പിന്റെ 30 സെന്റിലാണ് ഫ്ലാറ്റ് സമുച്ചയം നിർമിച്ചത്. കെട്ടിടത്തിൽ 16 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കും.

✪✪✪

കണ്ണൂർ സർവകലാശാല യൂണിയൻ തിരഞ്ഞെടുപ്പിൽ അഞ്ച് ജനറൽ സീറ്റുകളും SFI നിലനിർത്തി. കാസർകോട്, വയനാട് ജില്ലാ എക്സിക്യൂട്ടീവ് സ്ഥാനങ്ങൾ UDSF പിടിച്ചെടുത്തു.

ചെയർമാനായി പാലയാട് കാംപസിലെ നന്ദജ് ബാബുവിനേയും ജനറൽ സെക്രട്ടറിയായി തളിപ്പറമ്പ് കിലയിലെ കവിതാ കൃഷ്ണനേയും തിരഞ്ഞെടുത്തു.

✪✪✪

തിരുവനന്തപുരം കാട്ടാക്കട നിയോജക മണ്ഡലത്തിൽ കാർബൺ ബഹിർഗമനം 46.75% കുറഞ്ഞതായി രണ്ടാം കാർബൺ ഓഡിറ്റ് റിപ്പോർട്ടിൽ വിലയിരുത്തി. രാജ്യത്ത് ആദ്യമായാണ് ഒരു നിയോജക മണ്ഡലത്തിൽ രണ്ടാമതും ഓഡിറ്റ് നടത്തി പ്രവർത്തന പുരോഗതി കണ്ടെത്തിയത്. റിപ്പോർട്ട് മന്ത്രി P. പ്രസാദ് പ്രകാശനം ചെയ്തു.

✪✪✪

കോഴിക്കോട് മേഖലാ രാജ്യാന്തര ചലച്ചിത്രോത്സവത്തിന്റെ ഡെലിഗേറ്റ് കിറ്റ് വിതരണം രാവിലെ കൈരളി തിയ്യേറ്ററിൽ കൈതപ്രം ദാമോദരൻ നമ്പൂതിരി ഉദ്ഘാടനം ചെയ്യും.

ചലച്ചിത്രോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന 'കാലം മായാചിത്രങ്ങൾ എം.ടി യുടെ ചലച്ചിത്ര ജീവിതം' എക്സിബിഷനും വൈകിട്ട് ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*